3184
12/2/18

# കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്

നം.5624/എസ്.സി3/2013/പൊ.വി.വ    തിരുവനന്തപുരം, തീയതി, 06/02/2018

**സർക്കുലർ**

വിഷയം: പൊതുവിദ്യാഭ്യാസം - സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച്

സൂചന: 12.08.2011 ലെ സ.ഉ(സാധാ)3284/2011/പൊ.വി.വ

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം സ്കൂളുകളിൽ ഉറപ്പാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ/ഡി.ഇ.ഒ /അസിസ്റ്റന്റ് ഡയറക്ടർ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/ പ്രിൻസിപ്പൽ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സ്കൂൾ തല അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് യഥാസമയം മീറ്റിംഗ് കൂടുന്നതിനും, കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരെ തെരഞ്ഞെടുത്ത് അവരെ മറ്റ് അധിക ജോലികളിൽ നിന്നും ഒഴിവാക്കി എസ്.പി.സിയിൽ സേവനം ഉറപ്പ് വരുത്താനും, എസ്.പി.സിയുടെ പ്രവർത്തനം വിലയിരുത്താനും ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പൽ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരിശീലനം നേടിയ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരെ കുറഞ്ഞത് അഞ്ചുവർഷമെങ്കിലും അതാതു സ്കൂളുകളിൽ (സ്ഥലം മാറ്റമില്ലാതെ) നിലനിർത്തുവാനും ഡെപ്യൂട്ടി ഡയറക്ടർ /ഡി.ഇ.ഒ/അസിസ്റ്റന്റ് ഡയറക്ടർ എന്നിവരെ ചുതലപ്പെടുത്തിയിട്ടുണ്ട്.

2) എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ യഥോചിതം പാലിക്കപ്പെടുന്നതായി കാണുന്നില്ല. ആയതിനാൽ, എസ്.പി.സിയിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം എസ്.പി.സി-ക്ക് ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 12.08.2011 ലെ സ.ഉ(സാധ ാ)3284/2011/പൊ.വി.വ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

എച്ച്.നജീബ്,,
ജോയിന്റ് സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഹയർ സെക്കൻഡറി /വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം

എല്ലാ ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ് / പ്രിൻസിപ്പൽ, ഹൈസ്കൂൾ / ഹയർസെക്കൻഡറി / വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ (ഡി.പി.ഐ/ഡയറക്ടർ, ഹൈസ്കൂൾ/ഹയർസെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി മുഖാന്തിരം)

എല്ലാ ഡെപ്യൂട്ടി ഡയറക്ടർ / ഡി.ഇ.ഒ / അസിസ്റ്റന്റ് ഡയറക്ടർ എന്നിവർക്കും (ഡി.പി.ഐ / ഡയറക്ടർ, ഹൈസ്കൂൾ/ഹയർസെക്കൻഡറി / വൊക്കേഷണൽ ഹയർ സെക്കൻഡറി മുഖാന്തിരം)

സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

ആഭ്യന്തരം (ജി) വകുപ്പ്

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

വിവര പൊതുജന സമ്പർക്ക (W&NM) വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.